(ബി) ടി അയ്യപ്പന്റെ പ്രയത്നത്തിന് പ്രതിഫലം നിശ്ചയിക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടോ;

(സി) പഞ്ചായത്തിന്റെ ആവശ്യത്തിന് കഴിച്ചു ബാക്കി ഭൂമിയുണ്ടെങ്കിൽ ടി അയ്യപ്പന് നൽകണമെന്നും പ്രതിഫലം നൽകണമെന്നും പരാതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) അയ്യപ്പന്റെ പരാതി ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നു.

CALLING ATTENTION UNDER RULE 61

Hunger Strike Before the office of the Muhamma Lime Shell Co-op. Society Ltd.

9 a. m.] **Mr. Speaker:** I have received a notice under Rule 61 from Shri S. Kumaran. I call upon the Member to state the facts.

ശ്രീ. എസ്. കുമാരൻ: സർ, മുഹമ്മയിലുള്ള ഗവണ്മെന്റ് കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ വാതുക്കൽ ശ്രീ. പത്മനാഭൻ നടത്തുന്ന നിരാഹാര സത്യാഗ്രഹത്തെക്കുറിച്ച് ഗവണ്മെന്റ് ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ റൂൾ 61 കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ന് ആ സംഘത്തിലെ അംഗങ്ങളായ തൊഴിലാളികളെല്ലാം കൂടി ഒരു സത്യാഗ്രഹം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനുവേണ്ടിയാണ് ഈ നിരാഹാരസത്യാഗ്രഹം നടത്തുന്നത്. 1961—ൽ അവിടെ ഒരു സൊസൈറ്റി ഗവണ്മെന്റിൽനിന്നും റെയിസ് ചെയ്തു കൊടുത്തു. വെള്ളത്തിൽ മുങ്ങി കക്കാ വാരി ഉപജീവനം നടത്തുന്ന അനേകം കുടുംബങ്ങളാണ് അവിടെയുണ്ട്. അവരുടെ പ്രയത്നഫലം ഇന്ന് അന്യ ആളുകൾ കൊണ്ടുപോകുകയാണ്. അതിൽനിന്നും അവർക്ക് ഒരു മോചനം കിട്ടുന്നതിനുവേണ്ടിയാണ് ഈ സൊസൈറ്റി രൂപീകരിച്ചിട്ടുള്ളത്. അങ്ങനെ രൂപീകരിച്ച സൊസൈറ്റിയിലെ മെമ്പറന്മാരിൽ അധികവും വെള്ളത്തിൽ മുങ്ങി കക്കാ വാരി ഉപജീവനം നടത്തുന്നവരാണ്. അവർ വാരിക്കൊണ്ടുവരുന്ന കക്കയുടെ യഥാർത്ഥ വില തൊഴിലാളികൾക്ക് തന്നെ കിട്ടണമെന്നുള്ള ഒരൊറ്റ ഉദ്ദേശത്തോടുകൂടിയാണ് ഈ സൊസൈറ്റി അവിടെ രൂപീകരിച്ചിട്ടുള്ളത്. എന്നാൽ 1961—ന ശേഷം അവിടെ നടന്നിട്ടുള്ള സംഭവങ്ങൾ നോക്കുകയാണെങ്കിൽ ഈ സൊസൈറ്റിയുടെ പ്രവർത്തനംകൊണ്ട് തൊഴിലാളികൾക്ക് അങ്ങേയറ്റം കഷ്ടങ്ങളാണ് അനുഭവപ്പെടുന്നത്. ആ സൊസൈറ്റിയുടെ സെക്രട്ടറിയും പ്രസിഡന്റും കൂടി ചേർന്ന് അതിൽനിന്ന് പതിനായിരക്കണക്കിന് രൂപ അപഹരിക്കുകയാണ് ഉണ്ടായത്. പാവപ്പെട്ട തൊഴിലാളികൾ കക്കാവാരിക്കൊണ്ടുവന്നാൽ അവർക്ക് അതിന്റെ വില ശരിയായി കൊടുക്കാതെയും അവരുടെ കാര്യങ്ങൾ നോക്കാതെയും, അതിന്റെ ലാഭം സെക്രട്ടറിയും പ്രസിഡന്റും കൂടി കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലമായി അപഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ആ സൊസൈറ്റിയിലെ പത്തൊൻപതു് അംഗങ്ങളും. ലൈംഷെൽ ഇൻസ്പെക്ടറേയും കോവാപ്പറേറ്റീവു് ഡെപ്യൂട്ടി ഡയറക്ടറേയും രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനാവശ്യമായ തെളിവുകളും ഹാജരാക്കാൻ അവർ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ആ സൊസൈറ്റിയുടെ ആദ്യത്തെ ആറുമാസത്തെ കണക്കുകളുംമാത്രം ആഡിറ്റു ചെയ്യുന്നതിനു വേണ്ടി കമ്മറുകം കേന്ദ്രമായി പ്രവർത്തിക്കുന്ന കോവാപ്പറേറ്റീവു് ഇൻസ്പെക്ടറെ നിയമിക്കുകയും, അദ്ദേഹം ആ സൊസൈറ്റിയുടെ ആദ്യത്തെ ആറു മാസത്തെ കണക്കുകളും പരിശോധിക്കുകയും ചെയ്തു. അങ്ങനെ പരിശോധിച്ചപ്പോൾ, സെക്രട്ടറിയേയും തൊഴിലാളികളേയും കബളിപ്പിച്ചുകൊണ്ടു്, ആദ്യത്തെ ആറുമാസത്തിനകംതന്നെ മൂവായിരത്തിൽ പരം രൂപ കാണാനില്ലെന്നു് അന്വേഷണറിപ്പോർട്ടിൽ രേഖപ്പെടുത്തുകയുണ്ടായി. അതിനുശേഷം വർഷങ്ങളും പലതു കഴിഞ്ഞു. ആ മൂവായിരം രൂപ ഇതുവരെയായിട്ടും കെട്ടിവച്ചിട്ടില്ല. അതു് കെട്ടിവയ്ക്കുന്നതിനുള്ള യാതൊരു നടപടിയും ഗവണ്മെന്റിൽ നിന്നും എടുത്തിട്ടില്ല. അതിനെയുടനു് വീണ്ടും അവിടെയുള്ള തൊഴിലാളികൾ രേഖാമൂലമായിട്ടുള്ള പരാതികളും ഡെപ്യൂട്ടി ഡയറക്ടർക്കും, ഡയറക്ടർക്കും ഈ അടുത്തകാലത്തായി ബഹുമാനപ്പെട്ട മന്ത്രിക്കും കൊടുത്തതായി അറിയുന്നു. ഇങ്ങനെ അഴിമതിക്കു് എതിരായി പ്രക്ഷോഭണം നടത്തണമെന്നും, അതില്ലാതാക്കാൻ ശ്രമിക്കണമെന്നും പറയുന്നവർ പാവപ്പെട്ടതൊഴിലാളികളുടെ വകയതിനായിരക്കണക്കിനു് രൂപ കബളിപ്പിച്ചെടുത്തവരുടെ മേൽ നടപടികളെടുക്കുന്നതിനു് യാതൊന്നും തന്നെ ചെയ്യുന്നില്ല. തൊഴിലാളികളും പരാതികളും ഉന്നയിച്ചതിന്റെ ഫലമായി, അവരെ ജോലിയിൽ നിന്നു് പിരിച്ചുവിടുകയും, ഒസൊസൈറ്റിയിലെ അംഗത്വം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ഇവർ കോവാപ്പറേറ്റീവു് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുമ്പിൽ സത്യാഗ്രഹം നടത്തുമെന്നു് അറിയിച്ചു. അങ്ങനെ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചതിന്റെ ഫലമായി അദ്ദേഹം അസിസ്റ്റന്റു രജിസ്ട്രാറെ സൊസൈറ്റിയിലെ കണക്കുകളും പരിശോധിക്കുന്നതിനുവേണ്ടി വിടുകയുണ്ടായി. പത്തൊൻപതു് തൊഴിലാളികളും രേഖാമൂലം പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റു് രജിസ്ട്രാർ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിന്റെ വിവരങ്ങളും അടങ്ങുന്ന ഒരു റിപ്പോർട്ടു തയ്യാറാക്കി അതു് ഡപ്യൂട്ടി ഡയറക്ടർക്കു് അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം ഒരു പരിഹാരനടപടിയും എടുക്കാത്തതിന്റെ ഫലമായി തൊഴിലാളികളും വീണ്ടും നിരാഹാരസത്യാഗ്രഹം നടത്താൻ പോകുന്നുവെന്നറിഞ്ഞപ്പോളും ഡപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ഡയറക്ടർക്കു് അയച്ചുകൊടുത്തു. രേഖാമൂലമായ തെളിവുകളും കൊടുത്തിട്ടും, അതിനെ സംബന്ധിച്ചു് അന്വേഷണംനടത്തിയിട്ടും അതിനൊരുപരിഹാരനടപടികളെടുക്കാത്തതിന്റെ ഫലമായി ഇന്നു് അവിടെയുള്ള തൊഴിലാളികളെല്ലാം നിരാഹാര സത്യാഗ്രഹം നടത്തേണ്ടുന്ന ഒരു സ്ഥിതി വന്നിരിക്കുകയാണു്. എനിക്കു് പറയാനുള്ളതു് തൊഴിലാളികളെ ഇതിൽനിന്നും പിൻതിരിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെന്റിൽനിന്നും അടിയന്തിരമായിട്ടെടുക്കണമെന്നും, അവിടത്തെ സൊസൈറ്റിയിലെ സെക്രട്ടറിയേയും പ്രസിഡന്റിനേയും കോവാപ്പറേറ്റീവു് ആക്ടിലെ വ്യവസ്ഥകളനുസരിച്ചു് മാറ്റി നിറുത്തികൊണ്ടു് 46-ാം വകുപ്പനുസരിച്ചു് അന്വേഷണം നടത്തണമെന്നും, അന്വേഷണത്തിൽ കുറ്റക്കാരെന്നു തെളിയുന്നവരുടെ പേരിൽ കർശനമായ നടപടികളും സ്വീകരിക്കണമെന്നുമാണു്. റക്ടിഫിക്കേഷൻ നടപടികളും സ്വീകരിച്ചുകൊണ്ടു് ഇപ്പോഴത്തെ സൊസൈറ്റിയിലെ സെക്രട്ടറിയെ പിരിച്ചുവിട്ടിട്ടു് ഗവണ്മെന്റിൽനിന്നും ഒരു പെയ്ഡ് സെക്രട്ടറിയെ അവിടെ നിയമിച്ചാലും തരക്കേടില്ല. അവിടെയുള്ളതൊഴിലാളികൾക്കു് അവർ ചെയ്യുന്ന ജോലിക്കു് ശരിയായരീതിയിൽ വേതനം കൊടുക്കണമെന്നും, പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നും, അവരുടെ മറ്റെല്ലാ അവകാശങ്ങളും അംഗീകരിച്ചു കൊടുക്കണമെന്നുമാണു് അവർ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. അങ്ങനെ അവിടെ ഒരു പ്രത്യക്ഷസമരപരിപാടി ആവിർഭവിച്ചിരിക്കുന്നതു് കഴിയുന്നതും വേഗം ഇല്ലാതാക്കുന്നതിനു് അടിയന്തിരമായ നടപടികളും ഗവണ്മെന്റിൽനിന്നും എടുക്കണമെന്നറിയിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ അവസരം വിനിയോഗിച്ചിട്ടുള്ളതു്. ഈ പ്രശ്നത്തിനു് ഒരു പരിഹാരം കഴിയുന്നതും വേഗം എടുക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനു അടുത്തദിവസം മറുപടിപറയാം,

Amendment to Kerala Panchayat (Manner of Execution of Public Works) Rules, 1963

Mr. Speaker: A reply is due from the Minister for Industries and Local Administration to Smt. Kusumom, on an earlier Rule 61 notice. I call upon the Minister to make his reply.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): സർ, ഇന്നലെ ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ റൂം 61 പ്രകാരം നിർദ്ദേശിച്ച വിധത്തിലുള്ള ഭേഗതിയോടുകൂടി റൂളിൽ മാറ്റം വരുത്തുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്. ഉടനെതന്നെ അതിൽ ഭേഗതി വരുത്തുന്നതാണു്. ഇത്രയും മാത്രമേ അതിനെപ്പറ്റി പറയുവാനുള്ളൂ.

LEGISLATIVE BUSINESS

The Kerala Agricultural Income Tax (Amendment) Bill, 1963

Minister for Law and Revenue (**Shri T. A. Thomman**): Sir, I move that the Kerala Agricultural Income Tax (Amendment) Bill, 1963, as reported by the Select Committee, be taken into consideration.

Minister for Food and Agriculture (**Shri E. P. Poulose**): Sir, I second it.

The question that the Kerala Agricultural Income Tax (Amendment) Bill, 1963 as reported by the Select Committee be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 19

The question that Clauses 2 to 19 stand part of the Bill was put and carried.

Clauses 2 to 19 were added to the Bill.

Clause 1

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri T. A. Thomman: Sir, I move that the Kerala Agricultural Income Tax (Amendment) Bill, 1963 as reported by the Select Committee be finally passed.

Shri E. P. Poulose: Sir, I second it.

The question that the Agricultural Income Tax (Amendment) Bill 1963 as reported by the Select Committee be passed was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly